**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4141** **28-06-2024 - ൽ മറുപടിയ്ക്ക്**

**മാറാരോഗങ്ങൾ അനുഭവിക്കുന്നവരുടെ റേഷൻകാർഡ് ബി.പി.എൽ ആക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങൾ അനുഭവിക്കുന്നവരുടെ റേഷൻകാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാക്കാറുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. 18.09.2017 ലെ സ.ഉ(സാധാ)നം.320/ 2017/ ഭ.പൊ.വി.വ പ്രകാരമുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരാത്ത, ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ അടങ്ങുന്ന കുടുംബങ്ങളുടെ കാർഡുകൾ പരിശോധിച്ച് മുൻഗണനയിലേക്ക് മാറ്റുന്നുണ്ട്. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടു വരുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതര ശാരീരിക/ മാനസിക വെല്ലുവിളികൾ ഉണ്ടെങ്കിലോ അടിയന്തിര ശസ്ത്രക്രിയ ആവശ്യമെങ്കിലോ അപ്രകാരമുള്ള ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് അർഹതയുള്ള പക്ഷം, ചികിത്സാർത്ഥം ടി കുടുംബത്തിന്റെ റേഷൻ കാർഡ് മുൻഗണനയിലേക്ക് മാറ്റുന്നതിന് 27.10.2020 ലെ സ.ഉ(സാധാ)നം.319/2020/ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ചികിത്സാർത്ഥം റേഷൻകാർഡ് തരം മാറ്റുന്നതിനായുള്ള അപേക്ഷകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ചികിത്സാ രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്.<br><br>ചികിത്സാർത്ഥം ഗുരുതര രോഗമുള്ളവർ ഉൾപ്പെടുന്ന റേഷൻകാർഡ് തരംമാറ്റുന്നതിനായി താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യോഗ്യരായവരുടെ കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് അവസരമൊരുക്കിയിട്ടുണ്ട് |
| (ബി) | അപ്രകാരം കാർഡിന് അപേക്ഷ സമർപ്പിക്കേണ്ടത് ഏത് ഓഫീസിലാണെന്നും സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും |

| | | | |
|---|---|---|---|
| (സി) | അപേക്ഷ സമർപ്പിച്ചാൽ ബി.പി.എൽ. കാർഡ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, സമയപരിധി എന്നിവ അറിയിക്കാമോ? | (സി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ